# പതിനഞ്ചാം കേരള നിയമസഭ
# പതിനാറാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 486
# 28/01/2026 ലെ മറുപടിക്ക്

**<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ</u>**

| ചോദ്യം<br>ശ്രീ. എം.വിജിൻ | | ഉത്തരം<br>ശ്രീ.കെ.എൻ.ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കല്ല്യാശ്ശേരി മണ്ഡലത്തിലെ എം. എൽ. എ.യുടെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പിന്റെ പ്രത്യേകാനുമതിക്കായി സമർപ്പിച്ചിട്ടുള്ള ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി വ്യക്തമാക്കാമോ? | കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി 2025-26 സാമ്പത്തിക വർഷത്തിൽ പ്രത്യേകാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു |

**അക്കൗണ്ട്സ് ഓഫീസർ**

# ANNEXURE

1. കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ 'ചെറുതാഴം ഗ്രാമപഞ്ചായത്തിലെ കുളപ്പുറം വായനശാല & ഗ്രന്ഥാലയം പുനരുദ്ധാരണം' എന്ന പ്രവൃത്തിയ്ക്ക് 21,68,700/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയ നടപടി സാധൂകരിച്ച് നല്കണമെന്ന ബഹു എം എൽ എ യുടെ ശുപാർശ 1477041/NC-B1/35/2020-FIN ഫയലിൽ പരിശോധിക്കുകയും, സ.ഉ (സാധാ)നം.5413/2025/ധന തീയതി 25/06/2025 ഉത്തരവ് പ്രകാരം ടി പ്രവൃത്തിയ്ക്ക് 21,68,700/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയ നടപടി സാധൂകരിച്ച് ഉത്തരവായിരുന്നു.
2. കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിലെ എടാട്ട് യുവശക്തി വായനശാലയുടെ രണ്ടാംഘട്ട പ്രവൃത്തിക്ക് (നിലവിലുള്ള കെട്ടിടത്തിന്റെ ഒന്നാം നിലയിലേക്കുള്ള റീഡിങ് റൂമിന് വേണ്ടിയുള്ള എക്സ്റ്റെൻഷൻ വർക്ക്)' 2021-22 സാമ്പത്തിക വർഷത്തെ പ്രത്യേക വികസന നിധിയിൽ നിന്ന് 16,00,000/- രൂപ അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന ബഹു എം എൽ എ യുടെ ശുപാർശ 3056005/NC-B1/36/2025-FIN ഫയലിൽ പരിശോധിക്കുകയും, സ.ഉ(സാധാ)നം.3826/2025/ധന തീയതി 25/04/2025 പ്രകാരം പ്രത്യേക അനുമതി നൽകി ഉത്തരവാകുകയും ചെയ്തിരുന്നു.
3. കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ഏഴോം ഗ്രാമ പഞ്ചായത്തിലെ നരിക്കോട് പ്രവൃത്തിച്ചു വരുന്ന പൊതുജന ഗ്രന്ഥാലയം, സി.ആർ.സി ബിൽഡിംഗ്സിൽ കുട്ടികൾക്ക് കളിസ്ഥലമൊരുക്കാനായി അതിരുകൾ ഇരുമ്പ് ഫെൻസിങ് ചെയ്യുക, ഡ്രെയിനേജ് സൗകര്യത്തോട് കൂടി മുറ്റം ഇന്റർലോക്ക് ചെയ്യുക തുടങ്ങിയ പശ്ചാത്തല സൗകര്യ വികസന പ്രവൃത്തികൾക്കായി 2025-26 സാമ്പത്തിക വർഷത്തെ പ്രത്യേക വികസന നിധിയിൽ നിന്ന് 15 ലക്ഷം രൂപ അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ബഹു. എം.എൽ.എയുടെ ശുപാർശ 13/01/2026-ൽ ലഭ്യമായിട്ടുണ്ട്. ആയത് 3390114/NC-B1/18/2026-FIN ഫയലിൽ പരിശോധനയിലാണ്.